"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - തിരുവനന്തപുരം പൂന്തുറ സെന്റ് ഫിലോമിനാസ് ഗേൾസ് ഹൈസ്കൂളിലെ യു.പി.എസ്.ടി. ആയ ശ്രീമതി റിജോ ആർ.കെ.യുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.5235/2026/GEDN തീയതി,തിരുവനന്തപുരം, 03-08-2026

---

പരാമർശം:-
1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 02.12.2025. ലെ എംആർ4/26098/2025/ആ.വ.ഡ നമ്പർ കത്ത്.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18.01.2024, 20.02.2026 എന്നീ തീയതികളിലെ DGE/1031/2024-R6 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം പൂന്തുറ സെന്റ് ഫിലോമിനാസ് ഗേൾസ് ഹൈസ്കൂളിലെ യു.പി.എസ്. ടി.യായ ശ്രീമതി റിജോ ആർ.കെ. തന്റെ മകളുടെ ചികിത്സയുമായി ബന്ധപ്പെട്ട് 11.08.2023 മുതൽ 24.08.2023 വരെയുള്ള കാലയളവിൽ തിരുവനന്തപുരം കിംസ് ആശുപത്രിയിൽ ചെലവായ തുക മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തരം പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷയിന്മേൽ 16,960/-രൂപ അനുവദനീയമാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം പൂന്തുറ സെന്റ് ഫിലോമിനാസ് ഗേൾസ് ഹൈസ്കൂളിലെ യു.പി.എസ്.ടി. ആയ ശ്രീമതി റിജോ ആർ.കെ.യുടെ മകളുടെ 11.08.2023 മുതൽ 24.08.2023 വരെയുള്ള കാലയളവിലെ തിരുവനന്തപുരം കിംസ് ആശുപത്രിയിലെ ചികിത്സ, ഒരു പ്രത്യേക കേസായി പരിഗണിച്ച്, 1960 ലെ കെ.ജി.എസ്.എം. റൂളിൽ ഇളവ് വരുത്തി, മുൻകാല പ്രാബല്യത്തോടെ അനുമതി നൽകിയും ടി ചികിത്സയ്ക്ക് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ 11.08.2023 മുതൽ 24.08.2023 വരെയുള്ള കാലയളവിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിരിക്കുന്ന തുകയുടെ 80% ആയ **13,568/-രൂപ (പതിമൂന്നായിരത്തി അഞ്ഞൂറ്റി അറുപത്തി എട്ട് രൂപ)** പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

M RATHEESH

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014. (ബില്ലുകളും അനുബന്ധരേഖകളും സഹിതം)

വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം-695 036.

ശ്രീമതി റിജോ ആർ.കെ. യു.പി.എസ്.ടി., സെന്റ് ഫിലോമിനാസ് ഗേൾസ് ഹൈസ്കൂൾ, പൂന്തുറ, തിരുവനന്തപുരം.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (അനൗ.നം.ജി2/1111/2024/ആ.കു.വ. തീയതി 19.02.2025)

ധനകാര്യ (ലോൺസ്) വകുപ്പ് - (L2/116/2026-FIN )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)

നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ (എ1/31/2024-പൊ.വി.വ.).

ഉത്തരവിൻ പ്രകാരം

Digitally signed by
Aji Kumar R
Date: 03-08-2026
14:53:56

സെക്ഷൻ ഓഫീസർ